2

# ദൈവത്തിന്റെ സർവ്വജ്ഞത്വം: നമ്മുടെ ദൈവം "പഠിക്കുന്നില്ല"

ഏ.ഡി. മൂന്നാം സഹസ്രാബ്ദത്തിൽ, ലോക വ്യാവസായിക സംസ്കാരത്തിൽ ആധിപത്യം പുലർത്തിയ ഒന്നാണ് വിദ്യാഭ്യാസത്തിനു ഊന്നൽ കൊടുക്കുക എന്നത്. ആധുനിക സംസ്ക്കാരത്തെ ശരീരത്തിനു നേരിടുവാൻ വിവരം ആർജ്ജിക്കണം എന്ന തിരച്ചറിവു വളർന്നു വരുന്നു. ഇതാണ് വിവരസാങ്കേതികതയുടെ പരമോന്നത വഴി ആവേശമായി വളരുവാൻ ഇടയാകുന്നു.[1] മുന്നേറുന്ന വർഷങ്ങളിൽ തുടർ വിദ്യാഭ്യാസം വിപുലീകരണം ആളുകൾ ബുദ്ധിപരമായി വളർത്തുകയും ചെയ്തു.

അറിയുവാനുള്ള ത്വര മനുഷ്യ സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു എന്നു തോന്നുന്നു. രണ്ടു - വയസ്സു - പ്രായമുള്ള കുട്ടിയുടെ പ്രവർത്തികൾ കാണിക്കുന്നതു പ്രവൃത്തിയിലുള്ള ആ കുട്ടിയുടെ ആകാംഷയാണ്. അഞ്ച് - വയസ്സുകാരന്റെ - നിർദ്ദയമായ ചോദ്യങ്ങൾ പലമാതാപിതാക്കളെയും സംഭ്രമിപ്പിക്കയും കുഴപ്പത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ജോലിക്കാരായവർ ഇരുപതോ അല്ലെങ്കിൽ മുപ്പതോ വർഷങ്ങൾ എടുത്തു പഠിച്ചിട്ടാണ് അവർ ഫലപ്രദമായി പ്രവർത്തിക്കുന്നത്. പഠിച്ചു വളരുവാനുള്ള ഊന്നൽ അറിയുവാനുള്ള ആവശ്യ നിറവേറ്റലാണ്. അതു നമ്മെ പ്രചോദിപ്പിക്കുന്നതു നാം ഇനിയും അറിയേണ്ടതുണ്ടെന്നതു അറിയുവാൻ ആഗ്രഹിക്കുന്ന വിധത്തിൽ നാം തിരിച്ചറിയുന്നു. ആ ശ്രമം തുടരുവാനുള്ള കാരണം നമുക്കു പഠിക്കുവാൻ കഴിയും എന്നതാണ്. ഇവയെല്ലാം നമുക്കു പരിചയമുള്ളതാണ്. വാസ്തവത്തിൽ, പുറത്തുകൊണ്ടുവരുവാൻ, കണ്ടുപിടിക്കുവാൻ, നേടുവാൻ ഉള്ള നമ്മുടെ ആഗ്രഹം, *മനുഷ്യസ്വഭാവങ്ങളായ* ജന്മവാസനയാണെന്നു തോന്നുന്നു.

എങ്ങനെയായാലും, അറിവു ശേഖരിക്കുന്നതിൽ മനുഷ്യരായ നാം ഇഷ്ടപ്പെടുന്നതാണ്. അറിവിന്റെ പ്രത്യേക ഉയർന്ന ഉപയോഗം സാങ്കേ

തിക യുഗത്തിൽ വളരെ പ്രയോജനം ചെയ്തിട്ടുണ്ട്, വൈഭവങ്ങളുടെ നേട്ടത്തിലുള്ള വിവരങ്ങൾ നാം സ്വാഗതം ചെയ്യുന്നു. മനുഷ്യപുരോഗതിയിൽ എവിടെയെങ്കിലും *"താഴ്ച്ച"* സംഭവിച്ചിട്ടുണ്ടോ? ഉണ്ട്. പകരുന്ന ഒരു വ്യാധിയായി വ്യാജമായ – ബുദ്ധി പടർന്നുകൊണ്ടിരിക്കുന്നു. സഹിക്കാനൊക്കാതെ ദുരഹങ്കാരം, സ്വയം – തീർപ്പാക്കുന്ന അധർമ്മം, യാഥാർത്ഥ്യമായ ആത്മവിശ്വാസം, കൂടാതെ "എല്ലാറ്റിന്റേയും അളവു മനുഷ്യനാണ്" എന്ന ശമിപ്പിക്കാനാകാത്ത തീർച്ച എന്നിവയാലാണ് ലക്ഷണങ്ങൾ. ഇതിനെ ഒരുതരം "ആന്ത്രോപൊസെൻട്രിക് ഡിവിനിറ്റി" എന്നു വിളിക്കുന്നു.[2] മനുഷ്യ മനസ്സിൽ ശക്തമായ അനർത്ഥത്തിന്റെ കുറവു ആണു സൂചിപ്പിക്കുന്നത് ഈ ഉൾക്കാഴ്ച്ചകളെല്ലാം നമ്മിൽ ഉണ്ടെങ്കിലും, എല്ലായിടവും കാണാൻ കഴിയുന്ന ദൈവമുൻപിൽ നമ്മുടെ ബുദ്ധി ശിശുസഹജമായത് മാത്രമാണ് (1 കൊരിന്ത്യർ 1:18–25).

ദൈവത്തിന്റെ സർവ്വവ്യാപിത്വത്തിന്റെ സ്വാഭാവിക ഫലമായാണ് അവന്റെ സർവ്വജ്ഞാനത്വം: ദൈവത്തിനു പരിമിതികളില്ലാത്ത, സർവ്വലൗകീകമായ, പൂർണ്ണമായ അറിവു ഉള്ളത്.[3] ഇതു തിരുവെഴുത്തിൽ ഊന്നി പറഞ്ഞിട്ടുണ്ട്. ഇയ്യോബ് ദൈവത്തെ കുറിച്ചു തന്റെ സ്നേഹിതന്മാരോടു പറഞ്ഞു, "അവൻ" ഭൂമിയുടെ അറ്റത്തോളം നോക്കുന്നു, ആകാശത്തിന്റെ കീഴിലൊക്കെയും കാണുന്നു (ഇയ്യോബ് 28:24). സദൃശ്യവാക്യത്തിൽ ബുദ്ധിമാൻ പറഞ്ഞു, "യഹോവയുടെ കണ്ണു എല്ലാടവും ഉണ്ട്, ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു" (സദൃശവാക്യങ്ങൾ 15:3). ദൈവത്തിന്റെ സർവ്വജ്ഞാനത്തിന്റെ ഉറവിടങ്ങൾ പലതാകുന്നു. അസംഖ്യം ചോദ്യങ്ങൾ ഉയർന്നേക്കാം. അവയിൽ ചിലതു ചിത്രീകരണ രൂപത്തിൽ നമുക്ക് പരിഗണിക്കാം.

### അതു ഉയർത്തുന്ന ചോദ്യങ്ങൾ

"ദൈവത്തിനു *എങ്ങനെ* അറിയാം?" എന്നതാണ് പലപ്പോഴും ചോദിച്ചു കേൾക്കാറുള്ള ചോദ്യം സർവ്വവും പിതൃത്വത്തിലും സർവ്വജ്ഞാനത്വത്തിലും സ്വാഭാവികമായ ഫലങ്ങൾ അടുത്തതായിരിക്കും. പലപ്പോഴും മാറ്റൊലി ഉയർത്തുന്ന ഉത്തരം "നിങ്ങൾക്ക് അതെങ്ങനെ അറിയാം"? എന്നു ചോദിക്കുന്നതു കേട്ടിട്ടുണ്ടോ? പലപ്പോഴും മാറ്റൊലി ഉയർത്തുന്ന ഉത്തരം "ഞാൻ അവിടെ ഉണ്ടായിരുന്നു!" എന്നതാണ്. അതു പോലെ എല്ലാ പ്രതലത്തിലും പരിമിതികളില്ലാതെ ആയിരിക്കുന്നു അവനു അറിയുവാൻ കഴിയുന്നത് അവന് എല്ലായിടത്തും ഉണ്ട് എന്നു ഉള്ളതുകൊണ്ട് എങ്ങനെയായാലും, ദൈവത്തിനു അറിവായ് വരുന്നതു റിപ്പോർട്ടർമാർ വാർത്തകൾ ശേഖരിക്കുന്നതു പോലെയാണ്, എന്നു പറഞ്ഞാൽ ശരിയാകയില്ല. ഓർമ്മിക്കേണ്ടതു, നാം മനുഷ്യരുടേതല്ല, ദൈവത്തിന്റെ സ്വഭാവമാണ് പഠിക്കുന്നത്. ദൈവസ്വഭാവം അങ്ങനെ ആയിരിക്കുന്നതു കൊണ്ട് ദൈവത്തിനു എല്ലാം പഠിക്കുന്നില്ല; അവൻ *അറിഞ്ഞു* കഴിഞ്ഞു. ദൈവത്തിനു എങ്ങനെ – അതറിയാം എന്നതു യുക്തിസഹജമായി നമുക്കു അറിയുവാൻ സഹായിക്കുന്നത് ദൈവത്തിന്റെ സർവ്വവ്യാപിത്വം മൂലമാണ്.

മറ്റൊരു ചോദ്യം ചിലപ്പോൾ ചോദിക്കാറുള്ളത്. "ഒഴികഴിവില്ലാതെ,

ദൈവത്തിനു എല്ലാം അറിയുവാൻ കഴിയുമോ?" ഉടനെ പറയുവാൻ വരുന്നത്, "ഞാൻ അങ്ങനെ കരുതുന്നു, കാരണം അവനു എല്ലാം അറിയില്ലെങ്കിൽ, അവനു അറിയാത്ത ആ കാര്യം അവനു തന്നെ അപമാനിക്കലാവും, അങ്ങനെ അവൻ ദൈവം അല്ലാതെ ആയിത്തീരുകയും ചെയ്യും" തീർച്ചയായും, എല്ലാം കണക്കിലെടുത്ത ഉത്തരമാണ് ആവശ്യം. ഇതിൽ ഉപയോഗിച്ച "അറിയുക" എന്നതു എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്നതും പരിഗണിക്കാം.[4]

ദൈവം തന്നെത്തന്നെ ആന്തരികമായി അറിയുന്നു - അവനു അവനെ പൂർണ്ണമായി അറിയാം (1 യോഹന്നാൻ 1:5). തനിക്കു ബാഹ്യമായതും എല്ലാം അവൻ അറിയുന്നു - അതായതു, അവന്റെ മനുഷ്യരടക്കമുള്ള, സൃഷ്ടിയെയും അറിയുന്നു (ഇയ്യോബ് 34:21). ഈ സർവ്വജ്ഞത്വം നമ്മുടെ ഉള്ളിലേക്കു നുഴഞ്ഞുകയറുന്നു. ദൈവം നമ്മുടെ എല്ലാ വിചാരങ്ങളും അറിയുന്നു എന്നു സങ്കീർത്തനക്കാരൻ പറഞ്ഞു (സങ്കീർത്തനങ്ങൾ 139:2). അതെ, ദൈവത്തിനു ഒഴികഴിവുകൂടാതെ, എല്ലാം അറിയാം

ദൈവത്തിനു എത്രത്തോളം അറിയാം, എങ്ങനെ അറിയാം എന്നീ ചോദ്യങ്ങളിലാണ് നാം ശ്രദ്ധിച്ചത്. പലപ്പോഴും ഉയർന്നിട്ടുള്ള മറ്റൊരു ചോദ്യം: എങ്കിൽ ... സംഭവിച്ചതു സംഭവിക്കാനിടയുള്ളതു ദൈവത്തിനു അറിയാമോ? അതു ഭാവിയെ കുറിച്ചുള്ള കരുതൽ ഉണ്ടെന്ന ഓർമ്മയാണ് ഇതിന്റെ ഉത്തരത്തിനു മുഖ്യമായി വേണ്ടത്. സംഭവരീതികളെ മാറ്റുന്ന വിധത്തിൽ, സംഭവിക്കാനിടയുള്ളതിനെയാണ് പറയുന്നത്, അതേ സമയം സംഭവിച്ചിട്ടില്ലാത്തതും ഇതു പെട്ടെന്ന്, അപ്രതീക്ഷിതമായി ചിലതു സംഭവിക്കുമ്പോൾ, മനുഷ്യർ ചോദിക്കുന്ന ചോദ്യമാണ്. എങ്ങനെയായാലും, ദൈവത്തിനു ഇതിൽ അതിശയം ഇല്ല. ഭാവിയിലോ, വർത്തമാനകാലത്തിലോ, ഭൂതകാലത്തിലോ ആയാലും സംഭവിക്കാനിടയുള്ളതിന്റെ ഫലം ദൈവത്തിനറിയാം. മറ്റൊരു വാക്കിൽ പറഞ്ഞാൽ "എങ്കിൽ ... സംഭവിക്കാനിടയുള്ളതു ദൈവത്തിനറിയാം" അതുപോലെ "എങ്കിൽ ... എന്തു സംഭവിക്കും എന്നു അവൻ അറിയുന്നു." സൈദ്ധാന്തികമായതു വാസ്തവത്തിൽ ആയിതീർന്നാൽ അതെങ്ങനെ ആയിരിക്കും എന്നും അവൻ അറിയുന്നു (മത്തായി 11:21, 22). ഇതാണ് സർവ്വജ്ഞത്വത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അനന്തരഫലം.

ദൈവത്തിന്റെ സർവ്വവ്യാപിത്വം നിത്യത മുഴുവൻ ഒരേ സമയത്തു അവൻ എല്ലായിടത്തും സന്നിഹിതനാകുന്നതാണ്; അവന്റെ സർവ്വജ്ഞത്വം നിത്യത മുഴുവൻ ഒരേ സമയത്ത് എല്ലാം അറിയുന്നതാണ്. മനുഷ്യരുടെ കാഴ്ച്ചപ്പാടിൽ, നാം പറയും, ദൈവം എല്ലാം അറിഞ്ഞിരുന്നു, അവൻ എല്ലാം അറിയുന്നു, അവൻ എല്ലാം അറിയുകയും ചെയ്യും. ബൈബിൾ ഭാഷയും ഇതു തന്നെ നമ്മോടു പറയുന്നു. ദൈവത്തിന്റെ കാഴ്ച്ചപ്പാട് സമയ പരിധിയില്ലാത്തതും സാർവ്വദേശിയവുമാണ്. അവനു, ഭൂതവും ഭാവിയും, വർത്തമാനവും എല്ലാം *ഇപ്പോൾ* ആണ്. അവന്റെ അസ്തിത്വം, അവന്റെ സാന്നിദ്ധ്യം, അവന്റെ ജ്ഞാനം എന്നിവ നമ്മുടെ കാലത്ത് ഒരേ സമയത്ത് നിത്യത മുഴുവൻ ഉണ്ട്. ഇവയുടെ എല്ലാം അർത്ഥം "എങ്കിൽ" എന്ന നമ്മുടെ അടിസ്ഥാന

ചോദ്യം തെറ്റായ സ്ഥലത്താണ്. നമ്മുടെ മനസ്സിലാക്കലിന്റെ അഭാവമാണ് അങ്ങനെ ചോദിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

### അതു ഉറപ്പിക്കുന്ന പോരാട്ടങ്ങൾ

സർവ്വവും - അറിയുന്ന ദൈവത്തിന്റെ ഭാവവും സ്വഭാവവും പല കാരണങ്ങൾ കൊണ്ട് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. (1) ബുദ്ധിയുടെ കാര്യത്തിൽ ദൈവവും നാമും രണ്ടു ധ്രുവങ്ങളിലാണ് (യെശയ്യാവ് 55:8, 9). (2) അവൻ തന്നെ വെളിപ്പെടുത്തിയില്ലെങ്കിൽ ദൈവം അറിയപ്പെടാത്തവൻ ആകും, അവന്റെ വെളിപ്പെടുത്തൽ പരിമിതമായി ചുരുക്കം പേർക്കായിരുന്നു (ആവർത്തന പുസ്തകം 29:29). (3) ദൈവം നല്കിയ വെളിപ്പാട്, മതിയായതാണെങ്കിലും (2 പത്രൊസ് 1:3), പലപ്പോഴും മനസ്സിലാക്കുവാൻ പ്രയാസമാണ് (2 പത്രൊസ് 3:15, 16). (4) നാം ഈ ഭൂമിയിൽ, സമയ - ബന്ധിതമായി ജീവിക്കുന്നവരാണ്, അതുകൊണ്ട് നാം അവസാനം ഉടനെ നോക്കികാണുവാൻ ആഗ്രഹിക്കുന്നു (യാക്കൊബ് 4:13-16). (5) ഏറ്റവും പ്രധാനമായി, നാം മനസ്സിലാക്കലിൽ മാത്രം അല്ല കുറവുള്ളത്; നമ്മുടെ ജീവിതത്തിൽ പാപത്തിന്റെ കുഴപ്പവുമുണ്ട് (റോമർ 3:23).

ഈ തടസങ്ങൾ നമ്മെ നിരാശപ്പെടുത്തിയേക്കാം. നാം ഭീതിയിൽ ആണ്ടുപോയേക്കാം. നമുക്കു മുൻപിൽ കാണപ്പെടുന്ന ആദ്യ തടസ്സം ഉയർന്നതും തരണം ചെയ്യുവാൻ അസാധ്യമെന്നും തോന്നിയേക്കാം. "ദൈവം 'മുഴുവനായും മറ്റൊന്ന്,' ആണെങ്കിൽ ഞാൻ എങ്ങനെ അവനുമായി ആശയവിനിമയം നടത്തും?" രണ്ടാമത്തെ തടസ്സമായി എഴുന്നേല്ക്കുന്ന ചോദ്യം. "ഞാൻ ദൈവത്തെ അന്വേഷിക്കയാണെങ്കിൽ, ചുരുക്കം പേർക്കു പരിമിതമായിട്ടാണ് അവൻ വെളിപ്പെടുത്തിയതെങ്കിൽ, ഞാൻ അവന്റെ വെളിപ്പാടിൽ എവിടേക്കു തിരിയും?" മൂന്നാമത്തെ തടസത്തിൽ വേറൊരു യാതന അടങ്ങിയിട്ടുണ്ട്: "അവന്റെ വെളിപ്പാട് മനസ്സിലാക്കുവാൻ പ്രയാസമാണെങ്കിൽ, അവന്റെ വെളിപ്പാടിൽ ഞാൻ അവനെ കണ്ടെത്തി എന്നു എനിക്ക് എങ്ങനെ തീർച്ചയാക്കാം"? മൂന്നാമത്തെ തടസം പ്രായോഗിക ചോദ്യമാണ് ഉയർത്തുന്നത് "ഉടനെ - ഇപ്പോൾ - അന്ത്യമല്ലെങ്കിൽ, എന്റെ ദൈനന്തിന ജീവിതം എങ്ങനെ വിലയിരുത്തി നയിക്കണം എന്നു എങ്ങനെ അറിയാം"? അവസാനത്തെ തടസം, ഗൗരവമായ പ്രശ്നം വരുത്തുന്നു: "ഞാൻ പാപിയായതുകൊണ്ട് ഏതടിസ്ഥാനത്തിലാണ് എനിക്ക് പ്രത്യാശയുണ്ടാകുന്നത്? എല്ലായ്പ്പോഴും സന്നിഹിതനായിരിക്കയും എന്നെ അകവും പുറവും അറിയുകയും ചെയ്യുന്ന ദൈവമുൻപാകെ, ഈ ജീവിതത്തിനപ്പുറം ഒന്നുമില്ല എന്നു പറഞ്ഞു, എനിക്കു ഇവിടെ ജീവിക്കുവാൻ പറ്റുമോ?" ഇവ ഗൗരവമുള്ള ചോദ്യങ്ങളാണ്. മിക്ക പ്രശ്ന ചോദ്യങ്ങളെപോലെ ഇവക്കും വേർതിരിച്ച രീതിയിൽ ഉത്തരം നല്കുവാൻ സാധ്യമല്ല. എങ്ങനെയായാലും, അവക്കു ഉത്തരം *കണ്ടെത്താം*. മുകളിൽ പറഞ്ഞതു പോലെയുള്ള നമ്മെ യഥാർത്ഥത്തിൽ ബാധിക്കുന്ന ജീവിതത്തിലെ ചോദ്യങ്ങൾക്കു പരിഹാരം കണ്ടെത്താൻ, നാം ബദ്ധപ്പെടുന്നുണ്ട്.

ദൈവത്തിന്റെ സർവ്വജ്ഞത്വം നാം പഠിക്കുമ്പോൾ നാം നേരിടുന്ന ഒരു വെല്ലുവിളി അവന്റെ സർവ്വജ്ഞത്വം അവന്റെ ഇഷ്ടത്തിനു തുല്യ മല്ല എന്നു ഓർമ്മിക്കുക എന്നതാണ്. ഈ വ്യത്യാസം ഉയർന്നു വരുന്ന ചില ചോദ്യങ്ങളുടെ പിരിമുറുക്കത്തിനു അല്പം ആശ്വാസം തരും. ദൈവത്തിനു എല്ലാം അറിയാം എന്നതിനർത്ഥം സംഭവിക്കുന്നതെല്ലാം അവന്റെ ഇഷ്ടമാണെന്ന് അല്ല. ദൈവത്തെ താരതമ്യം ചെയ്യുന്നതിനു മനുഷ്യർക്കു പരിമിതികളും ഉണ്ട്. എന്നാൽ ഈ പരിശീലനം നമുക്കു മനസിലാക്കുവാൻ സഹായകരമാകും.

ഏതെങ്കിലും, ഭൗതിക രോഗത്തിനു നശിപ്പിക്കുവാൻ കഴിയുന്നതി നേക്കാൾ വൈകല്യമുള്ളവരാണ് ആളുകൾ എന്നു പരിമിതികളില്ലാത്ത, സർവ്വദേശത്തും ഉള്ളവനായ ദൈവം അറിയുന്നു (യെശയ്യാവു 64:6); “ആരും നശിച്ചുപോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ, അവൻ ഇഛിക്കുന്നു” (2 പത്രൊസ് 3:9; എൻ ഈ ബി). അതുകൊണ്ട്, അവൻ പഠിപ്പിക്കുന്നു (യോഹന്നാൻ 6:45), മുന്നറിയിക്കുന്നു (ലൂക്കൊസ് 12:4, 5), ആവശ്യമായ എല്ലാ സഹായങ്ങളും നാശത്തിൽ നിന്നു മോചി തനാകുവാൻ നല്കിയിരിക്കുന്നു (യോഹന്നാൻ 3:16).

### അതു നല്കുന്ന വിശദീകരണങ്ങൾ


ഇനി നമുക്കു തിരുവെഴുത്തുകളിലെ പ്രവചനങ്ങൾ പരിഗണിക്കാം. ഒന്നാമതു, പ്രവചനം വ്യാപകമാണ്, അതുകൊണ്ട് അവയെ നീക്കം ചെയ്താൽ ബൈബിൾ ഒന്നുമല്ലാതാകും. പിന്നെ ബൈബിൾ വിവേക പൂർവ്വം മിക്കതും, ഇഴുകിച്ചേർന്നു വായിക്കാൻ, തന്നെ കഴിയുകയില്ല. ബൈബിളിലെ വലിയതും ചെറിയതും ആയ പ്രവചനപുസ്തകങ്ങൾ കൂടാതെ, ചരിത്ര പുസ്തകങ്ങളിൽ ചിതറിക്കിടക്കുന്ന പ്രവചനങ്ങൾ കൂടാ തെ, യേശുവിന്റെ വ്യാപിച്ചുകിടക്കുന്ന പ്രവചനോപദേശങ്ങൾ, വെളി പ്പാടു പുസ്തകം എന്നിവയില്ലാതെ ബൈബിൾ ഒന്നു ഊഹിച്ചുനോക്കു ക. തിരുവെഴുത്തിലെ ഊനം തട്ടാത്ത ഈ ഭാഗങ്ങൾ കൂടാതെ, ബൈബിൾ, ബൈബിൾ ആകുകയില്ല. ഇതിൽ നിന്നും നമുക്കു അനുമാ നിക്കാവുന്നതെന്ത്? *ബൈബിൾ, അതിന്റെ വിശാലമായ പ്രവചനവ്യാ പ്തി, ദൈവത്തിന്റെ സർവ്വജ്ഞത്വത്തിന്റെ കണ്ണാടി ആണ്.* പ്രവചനം പരിമിതിയിലുള്ള മുന്നറിയിക്കൽ അല്ലെങ്കിലും ഇതു വാസ്തവമത്രെ. എല്ലാ പ്രവചനങ്ങളും നിവൃത്തിയാകുന്നതുവരെ നിർവ്വഹിക്കാത്ത നില യിലാണ് എന്നതു വാസ്തവമല്ല. എന്നാൽ, പ്രവചന നിറവേറലാണ് പ്രവാ ചകന്റെ വിശ്വാസിയതയെ ഉറപ്പിക്കുന്നതു എന്നു നമ്മോടു പറഞ്ഞിട്ടുണ്ട് (ആവർത്തന പുസ്തകം 18:22).

തീർച്ചയായും, ബൈബിൾ പ്രവചനങ്ങൾ പലതും നിറവേറിയിട്ടില്ല. ചിലതു ചരിത്രത്തിൽ നിറവേറേണ്ടിയിരിക്കുന്നു; പലതും അവസാനത്തി ലേക്കു വിരൽ ചൂണ്ടുന്നു. പിന്നെ, എങ്ങനെ, ബൈബിൾ പ്രവചനങ്ങൾ ദൈവത്തിന്റെ സർവ്വജ്ഞത്വത്തെ ചിത്രീകരിക്കുന്നു? ബൈബിൾ കാല ഘട്ടത്തിലെ പല പ്രവചനങ്ങളും ഏതാണ്ടു ഉടനെ; നിറവേറി മറ്റുള്ളവ ഏതാണ്ടു ഹ്രസ്വകാലം കൊണ്ടു നിറവേറി; വേറെ കുറെ പ്രവചനങ്ങൾ നൂറ്റാണ്ടുകൾ എടുത്താണ് നിറവേറിയത്[5].

നിറവേറപ്പെട്ട ബൈബിൾ പ്രവചനങ്ങൾ ആണ് ചരിത്രപരമായി - പരിമിതികൾ ഉള്ള മനുഷ്യർ ദൈവത്തിന്റെ *മു*ന്നറിവു എന്നു വിളിക്കുന്നത്, “മുന്നറിവു” എന്നാൽ “മുൻകൂട്ടി അറിയുക, മുൻപ് അറിയുക; മുൻപു തന്നെ അറിവുണ്ടായിരിക്കുക” എന്ന ഈ മുന്നറിയിപ്പു വാസ്തവത്തിൽ “സാധാരണ” സംഭവിക്കുന്ന ക്രമം തലതിരിയുന്നു. നമുക്ക് ഒരു സംഭവത്തെകുറിച്ചു അറിവുണ്ടാകുന്നതു സംഭവിച്ചതിനു *ശേഷമാണ്*. നമുക്ക് നേരത്തെ അറിയാം എന്നു ചിന്തിച്ചേക്കാം. ചില കാര്യങ്ങൾ സംഭവിക്കുക തന്നെ ചെയ്യുമെന്നു നാം തീർച്ചപ്പെടുത്തിയേക്കാം. അതു തെറ്റായി കാണുമ്പോൾ നാം ലജ്ജിച്ചു പോകാറില്ലേ? ചിലപ്പോൾ നാം, അങ്ങനെയാണ്!

ദൈവം തെറ്റല്ല. ചരിത്രത്തിൽ നിത്യത തുടങ്ങി സംഭവിച്ചു കഴിഞ്ഞതും, സംഭവിക്കുന്നതും, സംഭവിക്കുവാനിരിക്കുന്നതും (സമയം) അവൻ അറിയുന്നു. പരിമിത രീതിയിൽ ദൈവത്തിന്റെ പരിമിതി ഇല്ലാതെ മനസ്സു വിവരിച്ചതിനെ നാമും ബൈബിൾ എഴുത്തുകാരും ദൈവത്തിന്റെ മുന്നറിവു എന്നു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 2:23; റോമർ 11:2). അതു മറിച്ചാവുകയില്ല ദൈവം തന്റെ “കാഴ്ച്ചപ്പാടിലും” അവന്റെ സമ്പൂർണ്ണതയിലും നാം അവനെ കാണുവാൻ ആഗ്രഹിച്ചാൽ, അവൻ തീർച്ചയായും ആ കാഴ്ച്ച നമുക്കു നല്കുമായിരുന്നു; എന്നാൽ നാം പാപികൾ ആയതുകൊണ്ട്, നാം ഇപ്പോൾ ആയിരിക്കുന്ന മനുഷ്യർ ആകുമായിരിക്കുകയില്ല.

താഴെ കൊടുത്തിരിക്കുന്ന ചിത്രം ദൈവത്തിന്റെ സർവ്വജ്ഞത്വത്തെ കാണുവാൻ സഹായകരമായേക്കാം:




ചിത്രത്തിന്റെ ബാഹ്യ അതിർ നിത്യത പരിമിതമാണ് എന്ന് അന്തർലീനമാക്കുന്നതല്ല. സമകോണാകൃതിയിലുള്ള അകത്തെ ഭാഗം പ്രതിനിധീകരിക്കുന്നതു എല്ലാം താല്ക്കാലികം എന്നാണ്, അതായതു, സമയ - ബന്ധിതം. അകത്തെ സമകോണാകൃതിയിൽ, പറഞ്ഞിരിക്കുന്നതെല്ലാം ദൈവത്തിന്റെ സാന്നിധ്യം ഒഴിച്ചു അവസാനിക്കും. കാലം കഴി

യുമ്പോൾ, അവൻ നിത്യതയിൽ, രക്ഷിക്കപ്പെട്ടവരും ദൈവവും ഒരു സമയം ഒന്നിക്കും. ദൈവം, തന്റെ സർവ്വവ്യാപിത്വത്തിലും സർവ്വജ്ഞത്വത്തിലും എല്ലാം, "കാണും." അവയെല്ലാം നമുക്കു "കാണുക" എന്നതു അസാദ്ധ്യമാണ്. മഹത്തായ ഈ കാര്യങ്ങൾ പൗലൊസിന്റെ താഴെ കൊടുത്തിരിക്കുന്ന പ്രഖ്യാപനത്തെ അനുമോദിക്കത്തക്കതാണ്:

> ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു! ... സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലൊ; അവന്നു എന്നേക്കും മഹത്വം ആമേൻ (റോമർ 11:33-36).

---

കുറിപ്പുകൾ

[1]1 ഫിലിപ്പ് എൽമർ - ഡെവിറ്റ്, "ബാറ്റിൽ ഫോർ ദ സോൾ ഓഫ് ദ ഇന്റർനെറ്റ്," *ടൈം* 144 (ജൂലായ് 1994): 50-55. [2]*ആന്ത്രോപ്പോസ്* എന്ന ഗ്രീക്ക് വാക്ക് പുല്ലിംഗത്തിലാണ്. "ആന്ത്രോപോസെൻട്രിക്ക്" അർത്ഥം "മാൻ - സെന്റേർഡ്" "ഡിവിനിറ്റി" എന്നത് ദൈവത്തെ സംബന്ധിക്കുന്നതാണ്. മനുഷ്യൻ തന്റെ കണ്ണിൽ എല്ലാറ്റിനും മദ്ധ്യേ മലിനമാക്കി തീർക്കുന്നു. [3]ഇ.എച്ച്. ജാമ്സ്, *ദ റിയാലിറ്റി ഓഫ് ഗോഡ്* (നാഷ്വിലേ: വില്യംസ്, 1978), 12, 120. [4]നമുക്ക് എങ്ങനെ അറിയാം എന്നത് ഇവിടെ നാം പരിഗണിക്കുന്നില്ല. നമുക്ക് കിട്ടിയ അറിവിൽ ചിലത് അനുഭവത്തിലൂടെയാണ്. [5]1 രാജാക്കന്മാർ 11:29-32/12:15, 20; 1 രാജാക്കന്മാർ 21:23; 2 രാജാക്കന്മാർ 9:31-37/2 രാജാക്കന്മാർ 19:20-37; യെശയ്യാവു 40:3/മത്തായി 3:3; യെശയ്യാവു 42:1-4/മത്തായി 12:18-21; യോവേൽ 2:28-32/പ്രവൃത്തികൾ 2:16-21; മുതലായവ.

© 2009 Truth for Today